രിയും ഞാനും ജനങ്ങളുടെ മുമ്പാകെ അപഹാസ്യരാകുന്നത് ഒഴിവാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് എന്ത് ചെയ്യുവാൻ സാധിക്കും?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അത് പരിശോധിക്കാം.

ശ്രീ. പി.ജെ. ജോയി : അങ്ങ് ഇവിടെ മറുപടി പറഞ്ഞപ്പോൾ ഗ്രാമപഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടിൽനിന്നും ഇഷ്ടംപോലെ തുക ചെലവഴിക്കാൻ കഴിയും, 10 ശതമാനം നിർബന്ധമായി ചെലവുചെയ്യണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു. ഗ്രാമപഞ്ചായത്തുകൾക്ക് ഇപ്പോൾ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള എമൗണ്ട് ഒന്നുരണ്ടുവർഷമായിട്ട് ചെലവഴിക്കുവാൻ പറ്റാതെ കിടക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ സാങ്കേതിക നേതൃത്വം ഇതിന് ആവശ്യമാണ്. ആ കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമയബന്ധിതമായി ആ പദ്ധതികൾ പൂർത്തീകരിക്കുവാൻ, ചില പദ്ധതികളുടെ എക്സ്റ്റെൻഷന്, ചില പദ്ധതികളുടെ പുനഃപ്രവർത്തനം പൂർത്തീകരിക്കുവാൻ തീരുമാനം എടുക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഡെപ്പോസിറ്റ് ചെയ്ത വർക്കുകളെ സംബന്ധിച്ച് കുറച്ച് കാലതാമസം വന്നത് ഗവൺമെന്റ് പരിശോധിക്കുകയുണ്ടായി. അപ്പോൾ മനസ്സിലായത് മെറ്റീരിയൽസ് വാങ്ങുന്നത് സംബന്ധിച്ച് നിർദ്ദേശിച്ചിട്ടുള്ളത് ജില്ലാ കളക്ടറും എക്സിക്യൂട്ടീവ് എഞ്ചിനീയറും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുമാണ്. അതൊക്കെ കാലാകാലങ്ങളിൽ വാങ്ങുന്നതിന് കാലതാമസം നേരിടുന്നതുകൊണ്ടാണ് ഡെപ്പോസിറ്റ് വർക്കുകൾ ധൃതഗതിയിൽ നടത്തുവാൻ കഴിയാതെ പോയത്. അതിന് എന്താണ് പരിഹാരമാർഗ്ഗം എന്ന് ഗവൺമെന്റ് വകുപ്പുകളുമായി ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കും.

ശ്രീ. ജോസ് ബേബി : നമ്മുടെ സംസ്ഥാനത്ത് ടെക്നോളജി മിഷൻ പോലുള്ള സ്ഥാപനങ്ങൾ കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുവാൻ വൈകുന്നതുമൂലം നമ്മുടെ സംസ്ഥാനത്തെ പദ്ധതികൾ നഷ്ടപ്പെടുമോ എന്ന ആശങ്കയുണ്ട്. അത് പരിഹരിക്കുവാൻ ഇത് സമയബന്ധിതമായി പൂർത്തിയാക്കുമോ? പാലക്കാട് ജില്ലയിൽ മലമ്പുഴ, മണ്ണാർക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ ഇത്തരം പദ്ധതികളുണ്ട്. ഈ പദ്ധതികൾ വളരെ വേഗം പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തനിന്നും ഉണ്ടാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഈ പദ്ധതികൾ ധൃതഗതിയിൽ നടത്തുന്നതിനുവേണ്ട നടപടികൾ ഒക്കെ സ്വീകരിച്ചുവരുന്നു. സ്ഥലം കിട്ടാതെ കാലതാമസം വരുന്നതിന് റിവോൾവിംഗ് ഫണ്ട് ഉണ്ടാക്കുവാനും മറ്റും നടപടി സ്വീകരിക്കുന്നുണ്ട്. കാലതാമസം വരുന്നു എന്നുള്ളതിന്റെ പേരിൽ ഒരു പദ്ധതിയും നഷ്ടപ്പെടില്ല. നഷ്ടപ്പെട്ടിട്ടുമില്ല.

മി. സ്പീക്കർ : ചോദ്യം 233. ശ്രീ.എം.എ. തോമസ്, യേസ് ബഹുമാനപ്പെട്ട ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ)

3 (*233) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനം

ശ്രീ. എം.എ. തോമസ് :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. ടി.കെ. നൗഷാദ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ കഴിഞ്ഞവർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ഏതൊക്കെ പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ഇതിനുവേണ്ടി 1998-99-ലെ ബഡ്ജറ്റിൽ എന്തുതുക വകകൊള്ളിച്ചു;

(ഇ) അതിൽ പ്രസ്തുത വർഷത്തിൽ എന്തുതുക ചെലവാക്കിയിട്ടുണ്ട്;

(എഫ്) പുരാവസ്തുവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ;

(ജി) പുരാവസ്തുശേഖരങ്ങൾ സംരക്ഷിക്കുന്നതിനും ഇതിലൂടെ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള അവസരം ഓരോ ജില്ലാ കേന്ദ്രങ്ങളിലും സ്ഥിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ,

(എ) സംസ്ഥാന പുരാവസ്തുവകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വിവിധ സാങ്കേതിക വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുവേണ്ടി തൃപ്പൂണിത്തുറ ഹിൽപ്പാലസ് ആസ്ഥാനമാക്കി ദേശീയ നിലവാരത്തിലുള്ള ഒരു പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പുരാവസ്തുവകുപ്പിന്റെ അധീനതയിൽ നിലവിലുള്ള മ്യൂസിയങ്ങളിൽ ചിലത് ശാസ്ത്രീയമായ രീതിയിൽ പുനഃസംവിധാനം ചെയ്യുകയും ബാക്കിയുള്ളവ ശാസ്ത്രീയാടിസ്ഥാനത്തിൽ ദേശീയ നിലവാരമുള്ള മ്യൂസിയങ്ങളാക്കി പുനഃസംവിധാനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. സംരക്ഷിത സ്മാരകങ്ങളുടെ രാസപരവും ഘടനാപരവുമായ സംരക്ഷണപ്രവർത്തനങ്ങൾക്കും അത്യാധുനിക സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനുംവേണ്ടി ഈ രംഗത്ത് നിലവിലുള്ള അന്താരാഷ്ട്ര സംഘടനകളുടെ സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു. സംരക്ഷിത സ്മാരകങ്ങൾ അല്ലാത്തവയുടെ സംരക്ഷണത്തിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനു ലക്ഷ്യമിട്ടുകൊണ്ട് നിയമനിർമ്മാണം നടത്തുന്നതിനും കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് ലോകത്തിന് ബോധ്യമാക്കിക്കൊടുക്കുന്ന വിധത്തിൽ വിവരം ശേഖരിച്ച് കമ്പ്യൂട്ടർ വെബ്സൈറ്റ് സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കഴിഞ്ഞ വർഷം പുരാവസ്തു വകുപ്പിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നു.

1. തൊളിക്കുളം ക്ഷേത്രത്തിന്റെ സ്ട്രക്ച്ചറൽ കൺസർവേഷൻ പണികൾ.

LIBRARY ARCHIVES Kerala Legislative Assembly

2. കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ സ്ട്രക്ച്ചറൽ കൺസർവേഷൻ പണികൾ.

3. തൃപ്പൂണിത്തുറ ഹിൽ പാലസിന്റെ സ്ട്രക്ച്ചറൽ കൺസർവേഷൻ പണികൾ.

4. തൃശൂർ ശക്തൻ തമ്പുരാൻ കൊട്ടാരത്തിന്റെ അറ്റകുറ്റപ്പണികൾ.

5. മാനന്തവാടി പഴശ്ശി പ്രോജക്ടിലെ ലൈബ്രറി കോംപ്ലക്സിന്റെ അറ്റകുറ്റപ്പണികൾ.

6. തൃശൂർ മ്യൂസിയത്തിന്റെ നവീകരണ പണികൾ.

7. ചങ്ങനാശ്ശേരിയിലുള്ള എട്ടുവീട്ടിൽ പിള്ളമാരുടെ ശവകുടീരത്തിന്റെ അറ്റകുറ്റപണികൾ.

8. ചെങ്ങന്നൂർ നരസിംഹ ക്ഷേത്രത്തിന്റെ നവീകരണ ജോലികൾ.

9. വിവിധ സ്മാരകങ്ങളുടെ ഇലക്ട്രിഫിക്കേഷൻ.

10. കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിന്റെ ശാസ്ത്രീയമായ പുനഃസംവിധാനം.

(സി) ഇവയിൽ തൃപ്പൂണിത്തുറ ഹിൽ പാലസ്, തൃശൂർ ശക്തൻ തമ്പുരാൻ പാലസ്, മാനന്തവാടിയിലെ ലൈബ്രറി കെട്ടിടം എന്നിവയുടെ അറ്റകുറ്റ പണികൾ ഒഴിച്ചുള്ള എല്ലാ പണികളും പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) 85 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിരിക്കുന്നു.

(ഇ) 46,52,212 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(എഫ്) വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ത്രിതല പഞ്ചായത്തുകൾ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ, വിനോദസഞ്ചാര വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പുരാവസ്തു ശേഖരങ്ങൾ സംരക്ഷിക്കുന്നതിനും ഇതിലൂടെ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും വേണ്ടി ജില്ലാതല മ്യൂസിയങ്ങൾ ആരംഭിക്കുന്ന കാര്യം ആലോചനയിലുണ്ട്.

<u>ശ്രീ. എം.എ. തോമസ്</u> : സർ, കഴിഞ്ഞയാഴ്ച തിരുവനന്തപുരത്തു വച്ച് പൈതൃക സംരക്ഷണത്തെക്കുറിച്ച് ഒരു സെമിനാർ നടത്തുകയുണ്ടായി ആ സെമിനാറിൽ ചില നിർദ്ദേശങ്ങളൊക്കെ ഉരുത്തിരിഞ്ഞു കാണുമെന്ന് വിശ്വസിക്കുകയാണ്. എന്തൊക്കെയാണ് നിർദ്ദേശങ്ങളെന്ന് വെളിപ്പെടുത്തുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : നല്ല വിജയകരമായിട്ടുള്ള ഒരു സെമിനാറായിരുന്നു. ഇൻഡ്യയിലെ വിദഗ്ദ്ധൻമാർ പങ്കെടുക്കുകയും ചെയ്തിരുന്നു. സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ അതിൽ പങ്കെടുക്കുകയുണ്ടായി. അതിൽ ചർച്ച ചെയ്ത കാര്യങ്ങളെ ആസ്പദമാക്കി ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അന്നു വൈകുന്നേരം തന്നെ ചർച്ചയിൽ ഉരുത്തിരിഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് ഒരു ഡിസ്ക്കഷൻ വീണ്ടും നടത്തി. ഇനി സാങ്കേതികമായി മേഖലാ സെമിനാർ നടത്താനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതു കഴിഞ്ഞാൽ ഈ രംഗത്ത് വേണ്ട പരിഷ്കാരങ്ങൾ വരുത്തുന്നതിനെ സംബന്ധിച്ച് കൂടുതൽ പഠനം നടത്തുന്നതാണ്. ഹിൽ പാലസിൽ വച്ച് വീണ്ടും ഒരു പരിശീലന കേന്ദ്രം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. തൽക്കാലം മൂന്നു മാസം പരിശീലനം കൊടുക്കുക, പിന്നീട് ഒരു കൊല്ലം വരെ പരിശീ

LIBRARY ARCHIVES Kerala Legislative Assembly

ലനം കൊടുക്കത്തക്ക സംവിധാനത്തോടുകൂടിയാണ് ആ കേന്ദ്രം തുടങ്ങുന്നത്. പഞ്ചായത്തു തലത്തിൽ അതാതു സ്ഥലങ്ങളിൽ സ്മാരകങ്ങൾ സംരക്ഷിക്കാനുള്ള ചുമതല അവരെ ഏൽപ്പിക്കുക. സ്റ്റേറ്റ് തലത്തിലുള്ള ചുമതല മാത്രം സ്റ്റേറ്റ് നിലവാരത്തിൽ നടത്തുക തുടങ്ങിയിട്ടുള്ള തീരുമാനങ്ങൾ ആണ് എടുത്തത്. അത് നടപ്പിൽ വരുത്തുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് എടുക്കുന്നതാണ്.

<u>ശ്രീ. എം.എ. തോമസ്</u> : സർ, ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റ് ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി എന്നീ പ്രദേശങ്ങളെ ഹെറിറ്റേജ് സോൺ ആക്കി പ്രഖ്യാപിച്ചു എന്നു കേൾക്കുന്നുണ്ട്. അതു ശരിയാണോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : സർ, നമുക്ക് വിവരമൊന്നും ലഭിച്ചിട്ടില്ല. എന്താണെന്ന് അതിനെപ്പറ്റി അന്വേഷിക്കാം.

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> : സർ, പുരാവസ്തു വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടി 1998-99-ൽ 85 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചതിൽ 46 ലക്ഷം രൂപ മാത്രമാണ് ചെലവായതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉത്തരമായി പറഞ്ഞു. എന്തുകൊണ്ടാണ് അത്തരത്തിലുള്ള, മന്ദഗതിയിലുള്ള പ്രവർത്തനം നടക്കുന്നതെന്നു വ്യക്തമാക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : സർ ചെലവാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുകയാണ്. സാങ്കേതികമായ ചില കാരണങ്ങളാൽ നടപടികൾ പൂർത്തിയാകാത്തതുകൊണ്ടാണ് ബാക്കി തുക ചെലവാകാതെ വന്നത്. ഉടൻതന്നെ ചെലവാക്കുന്നതാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> : സർ, മട്ടാഞ്ചേരിയിലെ ഡച്ചു കൊട്ടാരം പുരാവസ്തുപരമായി പ്രാധാന്യമർഹിക്കുന്ന ഒരു സ്ഥാപനമാണ്. അതു നവീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും കേന്ദ്രഗവൺമെന്റ് എന്തെങ്കിലും സഹായം അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു ചെലവാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : സർ, കേന്ദ്ര ഗവൺമെന്റ് സഹായം അനുവദിച്ചിട്ടില്ല. അതിനുവേണ്ടി ശ്രമിക്കാം.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, കേരളത്തിൽ ആർക്കിയോളജി മ്യൂസിയങ്ങൾ ഏതൊക്കെയാണ്; തൃപ്പൂണിത്തുറ ഹിൽ പാലസിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന്റെ ഉദ്ദേശം വ്യക്തമാക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : സർ, തൃപ്പൂണിത്തുറ ഹിൽ പാലസിൽ അതിനുള്ള സൗകര്യങ്ങളെല്ലാമുണ്ട്. മാത്രമല്ല, അതു ഡെവലപ്പ് ചെയ്യുന്നതിന്റെ ഭാഗമായി ചില കാര്യങ്ങൾ ആലോചിക്കുന്നുണ്ട്. അതിൽപ്പെട്ട ഒന്നാണ് പരിശീലനകേന്ദ്രത്തിന്റെ സ്ഥാപനം.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, ലണ്ടനിൽ ഒരു മ്യൂസിയമുണ്ട്. മഹാൻമാരായിട്ടുള്ള മനുഷ്യരുടെ മെഴുക് രൂപങ്ങളാണ് അവിടെയുള്ളത്. ജീവനുള്ള മനുഷ്യരെപ്പോലെ തോന്നിപ്പിക്കുന്ന രൂപങ്ങളാണ്. ഇൻഡ്യയിൽ ആദ്യമായി, അങ്ങയുടെ കാലത്തു തന്നെ കേരളത്തിൽ ഇത്തരമൊരു മ്യൂസിയം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : കാലം നീട്ടിത്തരാൻ എന്തെങ്കിലും പരുവമുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം. ഞാനും ആ മ്യൂസിയം പോയി

LIBRARY ARCHIVES Kerala Legislative Assembly

കാണുകയുണ്ടായി. അത്ഭുതകരമായ കാഴ്ചകളാണ് അവിടെ കാണാൻ കഴിഞ്ഞത്. ആ മാതൃകയിൽ ചെറിയൊരെണ്ണം ഇവിടെ സ്ഥാപിക്കുന്നതിനെപ്പറ്റി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിത്തരാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതു കിട്ടിയാൽ നമുക്ക് നോക്കാം.

ശ്രീ. ടി.എം. ജേക്കബ് : തൃപ്പൂണിത്തുറ ഹിൽപാലസിൽ ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുമെന്നും തൃപ്പൂണിത്തുറ ഹിൽപാലസിന്റെ അറ്റകുറ്റ പണികൾ നടത്തുന്നതാണെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കി. എന്നാൽ അദ്ദേഹം മറ്റൊരു ഉപ ചോദ്യത്തിന് പറഞ്ഞത്, കഴിഞ്ഞ വർഷം (1998-99) ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന തുക മുഴുവൻ പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്നാണ്. തൃപ്പൂണിത്തുറ ഹിൽ പാലസ് എറണാകുളം ജില്ലയിലെ വളരെയേറെ ഡെവലപ് ചെയ്യാൻ കഴിയുന്ന ഒരു സ്ഥാപനമാണെന്നത് കണക്കിലെടുത്ത് ഈ സ്ഥാപനത്തിന്റെ വികസനത്തിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ എന്താണ് കാലതാമസം വരുന്നത്? ഈ കൃാംപസിൽ തന്നെ ഒരു സ്പേസ് തിയേറ്ററും പണിയാനുള്ള പ്രൊപ്പോസലുണ്ടായിരുന്നു. അത് ടൂറിസ്റ്റുകളെ ആകർഷിക്കാൻ പര്യാപ്തമാണെന്നുള്ള നിലയിൽ തൃപ്പൂണിത്തുറ ഹിൽ പാലസിന്റെ വികസനത്തിനും അവിടത്തെ പരിരക്ഷയ്ക്കും വേണ്ടി ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയത്തിന്റെ വികസനത്തിന്റെ ഭാഗമായിട്ടാണ് ഞാൻ ഒരു ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യം പറഞ്ഞത്. മറ്റു ചില പരിപാടികളും അവിടെ നടപ്പാക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നുണ്ട്. ചെലവാക്കാതെയിരുന്ന പൈസ അവിടെയുള്ള ഏതെങ്കിലും വികസന പ്രവർത്തനത്തെ തടസ്സപ്പെടുത്തിയിട്ടില്ല. അവിടെ വികസന പ്രവർത്തനം നടത്താൻ കൂടുതലെന്തെങ്കിലും ചെയ്യണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : എന്റെ നിയോജകമണ്ഡലത്തിൽ മുടവൂർപ്പാറ എന്ന സ്ഥലത്ത് ഇൻഡ്യയിലെ തന്നെ ശ്രദ്ധേയമായിട്ടുള്ള ഒരു ഗുഹാ ക്ഷേത്രമുണ്ട്. കേരളത്തിൽ അത്തരത്തിലുള്ള ഗുഹാക്ഷേത്രങ്ങൾ കുറവാണ്. ആ ഗുഹാ ക്ഷേത്രം വളരെയേറെ ശ്രദ്ധയോടുകൂടി പരിരക്ഷിക്കപ്പെടേണ്ടതാണ്. പക്ഷെ, ഇന്ന് അതു ചില വ്യക്തികൾ, ചില മതസ്ഥാപനങ്ങൾ കയ്യേറുകയാണ്. ഈ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ആ ഗുഹാ ക്ഷേത്രം ഒരു സംരക്ഷിത സ്മാരകമാക്കി നില നിർത്താനും നമ്മുടെ രാജ്യത്തിന്റെ തന്നെ അഭിമാനമായിട്ടുള്ള ഒരു സ്ഥാപനമാക്കി മാറ്റാനും ആവശ്യമായിട്ടുള്ള എല്ലാ നടപടികളും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, ഇവിടത്തെ പാണ്ഡവൻ പാറയുടെ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ട് ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യപ്പെടാം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, തൃശൂരിലെ ശക്തൻ തമ്പുരാൻ പാലസ്, നീണ്ട നിയമയുദ്ധങ്ങൾക്കുശേഷം പലരെയും കുടിയിറക്കിയിട്ടാണ് കൈവശപ്പെടുത്തിയത്. മൂന്നു-നാലു കൊല്ലം കഴിഞ്ഞിട്ടും അതിന്റെ അത്യാവശ്യമായ റിപ്പയർ പണികൾ പോലും നടത്തിയിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ടല്ല എന്നതു വ്യക്തമാണ്. ശക്തൻ തമ്പുരാൻ പാലസിനെ സംബന്ധിക്കുന്ന അറ്റകുറ്റ പണികൾ വൈകാൻ എന്താണു കാരണം? എന്നത്തേയ്ക്ക് അതു തീർക്കുമന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, ശക്തൻ തമ്പുരാൻ പാലസ് ഏറ്റെടുക്കാൻ മുൻ ഗവൺമെന്റ് തീരുമാനിച്ചു. നാലു കോടിയിൽപ്പരം രൂപ യാണ് അതിന്റെ അധികാരികൾ വില പറഞ്ഞത്. പിന്നീട് അവർക്കു തന്നെ അത് തിരിച്ചു കിട്ടണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ട്. തിരിച്ചു കൊടുക്കാൻ സാധ്യമല്ലെന്നുള്ള വിവരം അവരെ അറിയിച്ചിട്ടുണ്ട്. ബാക്കി കാര്യങ്ങളെ സംബന്ധിച്ച്, മറ്റു ചില സ്ഥലങ്ങളിലുള്ള സ്ഥാപനങ്ങൾ അവിടേയ്ക്കു മാറ്റു ന്നതിനു വേണ്ടിയുള്ള നടപടികൾ എടുത്തുവരികയാണ്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഇടുക്കി ജില്ലയിലെ മറയൂ രിൽ പഞ്ചപാണ്ഡവൻമാർ ജീവിച്ചിരുന്നതായി വിശ്വസിക്കപ്പെടുന്നു. അവിടെ ഭീമന്റെ കാൽപ്പാടുകളും ആ കാലയളവിൽ പാചകത്തിനുപയോഗിച്ചിരുന്ന പാത്രങ്ങളുമൊക്കെ കാണപ്പെടുന്നതായി പറയപ്പെടുന്നുണ്ട്. ഈ പ്രദേശം നിരീക്ഷണത്തിനു വിധേയമാക്കി പരിരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീക രിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, പാണ്ഡവൻമാർ ഓടിപ്പോകുന്ന കൂട്ടത്തിൽ പല സ്ഥലത്തും തങ്ങിയതായും അവരുടെ കിരീടം മുട്ടി പാറകൾ ഉദാഹരണത്തിന് മുടിക്കുഴി എന്നുപറയുന്ന തൃക്കാക്കരയുള്ള സ്ഥലം ഞങ്ങ ളൊക്കെ ചെറുപ്പകാലത്ത് പോയി സന്ദർശിച്ചിട്ടുള്ളതാണ്, അങ്ങനെ വളരെയ ധികം കഥകൾ ഇതുമായി ബന്ധപ്പെട്ട് പ്രചരിക്കുന്നുണ്ട്. ഇതെല്ലാം ചരിത്രപര മായ കാര്യങ്ങളെന്നുള്ള നിലയ്ക്ക് പ്രാധാന്യമുണ്ടെങ്കിലും ഇത് ഐതിഹ്യ ത്തിൽ കൂടുതലായ വസ്തുതകളെന്നുള്ള രീതിയിൽ മുന്നോട്ടുവന്നിട്ടില്ല. ഏതായാലും ഇതിന്റെ കാര്യം മെമ്പർ എഴുതിത്തന്നാൽ ആളെ അയച്ച് പരി ശോധിപ്പിക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കഴിഞ്ഞ നിയമസഭയിൽ ഇതേ വിഷ യത്തെക്കുറിച്ച് ഉള്ള ഒരു ക്വസ്റ്റ്യൻ ഞാൻ ചോദിച്ചതാണ്. എന്റെ നിയോജകമ ണ്ഡലത്തിൽ കരുളായി പഞ്ചായത്തിൽ കരുളായി ഫോറസ്റ്റ് റേഞ്ചിൽപ്പെട്ട നെടുങ്കയം എന്നുപറയുന്ന സ്ഥലത്ത് ചോളനായ്ക്കൻമാർ എന്നുപറയുന്ന ആദിവാസികളുണ്ടായിരുന്നു. അവർ ഗുഹകളിലാണ് 15 വർഷംവരെ താമസി ച്ചിരുന്നത്. വെള്ളഈച്ചരന്റെ കാലത്താണ് വീടുകളുണ്ടാക്കി അവരെ മാറ്റിയ ത്. ആ ഗുഹകൾ സംരക്ഷിക്കപ്പെടേണ്ടതാണ്. അത് പുരാവസ്തു വകുപ്പ് ഏറ്റെടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെട്ടിരുന്നത്. അന്ന് ഇതിനെപ്പറ്റി അറി യില്ല എന്നാണ് അങ്ങ് പറഞ്ഞത്. എന്നാൽ ഇതുവരെ ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. അത് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് ഗവൺമെന്റ് തയ്യാ റാകുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മെമ്പർ ഓർമ്മി പ്പിച്ചത് നന്നായി. അങ്ങ് ഒന്നെഴുതിത്തന്നാൽ അതിനെ സംബന്ധിച്ച റിപ്പോർട്ട് ഞാൻ വരുത്താം. ഇപ്പോൾത്തന്നെ പഴശ്ശി രാജാവിന്റെ സ്മാരകമുണ്ട്. അതിന്റെ പടനായകനായ ചന്തുവിന്റെ സ്മാരകമില്ല. ചന്തുവിന്റെ ഒരു സ്മാരകം വയനാട്ടിൽ ഉണ്ടാക്കുന്നതിനെപ്പറ്റി പ്രോജക്ട് റിപ്പോർട്ട് തയ്യാറാ ക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ആദിവാസികളുടെ ഗുഹാകാ ര്യങ്ങളെ സംബന്ധിച്ചും നോക്കാം. പക്ഷേ വെള്ളഈച്ചരൻ അവർ സുഖമായി താമസിച്ചിരുന്ന സ്ഥലത്തുനിന്നും അവരെ പുറത്തേയ്ക്കുകൊണ്ടുവന്ന് താമ സിപ്പിക്കുകയാണ് ചെയ്തത്. അവരുടെ സ്ഥിതി എന്താണെന്നുള്ളതുകൂടി അങ്ങ് അന്വേഷിക്കുന്നത് നന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, പുരാതന ചരിത്ര പ്രാധാന്യമുള്ള കുറെ സ്ഥലങ്ങൾ കാണുന്നതിനും അവിടെ സൂക്ഷിച്ചിട്ടുള്ള സാധനങ്ങൾ കാണുന്നതിനും പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനുമൊക്കെയായി ധാരാളം ടൂറിസ്റ്റുകൾ നമ്മുടെ സംസ്ഥാനത്ത് വരുന്നുണ്ട്. അതുകൊണ്ട് ടൂറിസ്റ്റുകൾ ഇവിടെ വന്നാൽ അവർക്കിത് കാണാനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം. നേരത്തെ ശക്തൻ തമ്പുരാൻ കൊട്ടാരത്തെക്കുറിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ചോദിച്ചു. ശക്തൻതമ്പുരാൻ കൊട്ടാരത്തിൽ വിപുലമായ പദ്ധതി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ആവിഷ്കരിച്ച് ഗവൺമെന്റിന്റെ അനുവാദത്തിനായി അയച്ചിട്ടുണ്ട്. അതുപോലുള്ള പദ്ധതികൾ ടൂറിസ്റ്റുകളെക്കൂടി ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ ആ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ആവിഷ്കരിക്കാൻ കഴിയുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, ടൂറിസത്തിന്റെ വിപുലമായ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന് ഇപ്പോൾ ഗവൺമെന്റ് പല നടപടികളും എടുത്തുവരുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് പുരാവസ്തു സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള നടപടികൾ എടുക്കണമെന്നാണ് ഈ പ്രോജക്ടിൽ ഇപ്പോൾ ആലോചിക്കുന്നത്. ഇതിന്റെ ഭാഗമായി നാഷണൽ ആർക്കൈവ്സിന്റെ സഹായത്തോടുകൂടി അവിടെനിന്നുള്ള വിദഗ്ദ്ധൻമാരെക്കൂടി വരുത്തി ഒരു സെമിനാർ ഇവിടെ നടത്തുകയുണ്ടായി. ഇനിയും അതിനുള്ള സംരക്ഷണ കേന്ദ്രമുണ്ടാക്കണം. കേന്ദ്രവുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങൾ തീർച്ചയായും ആലോചിക്കുന്നതാണ്.

ശ്രീ. കെ. ബാബു : സർ, തൃപ്പൂണിത്തുറയിലെ പഴയ കോവിലകങ്ങളും അവിടുത്തെ പ്രസിദ്ധമായ ക്ഷേത്രത്തിലെ ഊട്ടുപുരയും സംരക്ഷിക്കണമെന്നുള്ള ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. അത് സംരക്ഷിക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കണം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, അവിടെ ഊട്ട് ഫ്രീയായി ബ്രാഹ്മണർക്ക് കൊടുത്തിരുന്ന സ്ഥലമാണ്. അത് മുൻപുതന്നെ നിർത്തിക്കഴിഞ്ഞു. ഇങ്ങനെ അത് സംരക്ഷിക്കണമെന്നുപറഞ്ഞാൽ അത് വളരെ വിപുലമായ കാര്യമാണ്. അത് എന്താണെന്നുള്ളതിനെപ്പറ്റി ആലോചിക്കാതെ മറുപടി പറയാൻ ഇപ്പോൾ ബുദ്ധിമുട്ടുണ്ട്. കാരണം ഇതൊരു വലിയ കെട്ടിടമാണ്. അത് ഏതാണ്ട് കേടുപാടായി കിടക്കുകയാണ്. കോവിലകങ്ങളെന്നുപറഞ്ഞാൽ അത് ഗവൺമെന്റ് കെട്ടിടങ്ങളാണ്. അവർ ഉപയോഗിക്കുന്നു എന്നുമാത്രമേയുള്ളൂ.

ശ്രീ. ജി. സുധാകരൻ : സർ, ശക്തൻ തമ്പുരാൻ സ്മാരകവുമായി ബന്ധപ്പെട്ട് മ്യൂറൽ ആർട്ട് സെന്റർ സ്ഥാപിക്കാനുള്ള നടപടികൾ എന്തായി എന്നും അത് സ്ഥാപിക്കുമ്പോൾ പ്രസിദ്ധമായ കൃഷ്ണപുരം കൊട്ടാരത്തിലെ മ്യൂറൽ ആർട്ടുകളെ അത് പ്രതികൂലമായി ബാധിക്കുമോ എന്നുമുള്ള കാര്യം, വിശദമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, ശക്തൻ തമ്പുരാൻ കൊട്ടാരം നല്ല രീതിയിൽ വികസിപ്പിക്കാനുള്ള നടപടികൾ വേറെ എടുക്കുന്നുണ്ട്. കൃഷ്ണപുരം കൊട്ടാരത്തിൽനിന്നും തൃശ്ശൂർക്ക് മാറ്റുന്ന കാര്യത്തിലുള്ള നടപടികൾ എടുത്തുവരികയാണ്. അതുകൊണ്ട് കൃഷ്ണപുരം കൊട്ടാരത്തിന് യാതൊരു ഹാനിയും തട്ടുകയോ അവിടുത്തെ കാഴ്ചകൾക്ക് എന്തെങ്കിലും ക്ഷീണം വരാനോ ഇടയില്ല.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, വ്യക്തികളുടെ കൈയിൽ ഉദാഹരണം പറഞ്ഞാൽ പഴയ ഇല്ലങ്ങളിലും മനകളിലുമൊക്കെത്തന്നെ വിലപ്പെട്ട സാധനങ്ങളുണ്ട്. ഉദാഹരണത്തിന് താളിയോലഗ്രന്ഥങ്ങളുണ്ട്. പഴയ തലമുറയാണെങ്കിൽ ഇത് പരിരക്ഷിക്കാനുള്ള ഒരു താല്പര്യമില്ലായ്മകൊണ്ടും പുതിയ തലമുറയ്ക്ക് ഉള്ള നിഷേധഭാവം കൊണ്ടും അറിവിന്റെ അക്ഷയഖനികളായ ഈ താളിയോലഗ്രന്ഥങ്ങൾ പോലും നശിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വ്യക്തികളിൽനിന്നും ഇതുവാങ്ങി പരിരക്ഷിക്കുന്നതിന് ആർക്കിയോളജി ഡിപ്പാർട്ടുമെന്റിന് എന്തെങ്കിലും വകുപ്പുണ്ടോ? ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, ആർക്കിയോളജി ഡിപ്പാർട്ടുമെന്റിൽ ഇപ്പോഴുള്ള രേഖകളെല്ലാം സംരക്ഷിക്കുന്നതിനുവേണ്ടി ആധുനികമായ നടപടികൾ എടുത്തിട്ടുണ്ട്. പല സ്ഥലത്തുനിന്നും സൗജന്യമായി വിട്ടുതരാമെന്ന് ആവശ്യപ്പെട്ടത് പരിശോധിച്ച് സൗജന്യമായി ഇവ ലഭ്യമാക്കുന്നുണ്ട്. കഴിഞ്ഞ മാസത്തിൽത്തന്നെ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ അതിന്റെ വലിയൊരു ശേഖരം 10-500 ഓളം താളിയോല ഗ്രന്ഥങ്ങൾ ഞാൻ തന്നെ പോയി ഉദ്ഘാടനം ചെയ്യുകയുണ്ടായി. പക്ഷെ വിലകിട്ടണമെന്ന് നിർബന്ധിക്കുന്ന ആളുകളുടെ കാര്യത്തിൽ അതിന് വില നിശ്ചയിച്ചുവരാൻ വളരെ താമസം വരും. എന്നാൽ സൗജന്യമായി തരാമെന്നുപറഞ്ഞത് തീർച്ചയായും ഗവൺമെന്റ് ഏറ്റെടുത്ത് ആവശ്യമായ രൂപത്തിൽ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ സൂക്ഷിച്ചുവയ്ക്കുന്നതാണ്.

മി.സ്പീക്കർ : ചോദ്യം നമ്പർ 234, ശ്രീ. ലോനപ്പൻ നമ്പാടൻ, യേസ് ബഹുമാനപ്പെട്ട ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി ശ്രീ. ടി.കെ. രാമകൃഷ്ണൻ

4 (*234) സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണം

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. അലിഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൃഗശാലകൾ നവീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധമായി സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ആവശ്യമുണ്ടോ;

(ഡി) സെൻട്രൽ സൂ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് മൃഗശാല നവീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) മൃഗങ്ങൾക്ക് സൈരമായി കഴിയുന്നതിന് പര്യാപ്തമായ ആധുനിക രീതിയിലുള്ള കൂടുകൾ നിർമ്മിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly